## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3455 — 22.08.2017 ൽ മറുപടിയ്ക്ക്

### കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ സബ് ജയിൽ ആരംഭിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കാലപഴക്കംകൊണ്ട് ജീർണ്ണിച്ച വടകര സബ് ജയിലിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള നാർക്കോട്ടിക് കേസ് പ്രതികൾ, രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഉൾപ്പെടെയുള്ള റിമാന്റ് തടവുകാർ എന്നിങ്ങനെ ഉൾക്കൊള്ളാവുന്നതിന്റെ ഇരട്ടിയിലധികം പേരെ ഉൾക്കൊള്ളുന്നതിൽ ജയിലിന്റെ പരിമിതികൾ പരിശോധിക്കുകയുണ്ടായോ ; | (ബി) | കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള 27 ജയിലുകളിൽ 6 ജയിലുകളിൽ അംഗീകൃത ശേഷിയേക്കാൾ ഇരട്ടിയിലധികം തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. അംഗീകൃത ശേഷിയേക്കാൾ കൂടുതൽ തടവുകാരെ പാർപ്പിക്കേണ്ടിവരുന്ന ജയിലിന്റെ പരിമിതികൾ പരിശോധിച്ചിട്ടുണ്ട്. |
| (സി) | ഇത് ജയിലിന്റെ സുരക്ഷയ്ക്ക് തന്നെ ഭീഷണിയാകുന്നുണ്ടോ ; തടവുകാർക്കും ജയിൽ അധികൃതർക്കും ഇത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിന് പരിഹാരമായി കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ പഞ്ചായത്തിൽ ഒരു സബ് ജയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ? | (ഡി) | പരിഗണനയിലില്ല. വടകരയിൽ പുതിയ ജയിൽ നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ